അദ്ധ്യാപക ക്ഷേമനിധിയിൽ നിന്നുമുള്ള ധനസഹായം

* 473 [497] ശ്രീ. എസ്. തങ്കപ്പൻ പിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ വർഷം അദ്ധ്യാപക ക്ഷേമനിധിയിൽ നിന്നും എത്ര പേർക്ക് ധനസഹായം നൽകി; മൊത്തം എന്തു തുക കൊടുത്തു;

(ബി) ഈ വർഷം എത്ര പേർ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്; എന്തു തുക നൽകി?

വിദ്യാഭ്യാസവകുപ്പു മന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദു കോയ):

(എ) 1978-ൽ 1500 പേർക്കായി 5,92,502 രൂപ നൽകിയിട്ടുണ്ട്.

(ബി) 1979-ൽ സാമ്പത്തികസഹായത്തിനായി ഇതുവരെ 135 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ഇതുവരെ 43 പേർക്കായി 33,500 രൂപ നൽകിയിട്ടുണ്ട്.

വയോജന വിദ്യാഭ്യാസം

*474 [498] ശ്രീ. പി. ബി. ആർ. പിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) വയോജന വിദ്യാഭ്യാസം ഫലപ്രദമായി നടപ്പിലാക്കി വിജയിപ്പിക്കുന്നതിന് വിദ്യാഭ്യാസ ഡിപ്പാർട്ടുമെൻറ് ആസൂത്രണം ചെയ്തിരിക്കുന്ന പരിപാടികൾ എന്തെല്ലാം;

(ബി) ഇക്കാര്യത്തിനായി വിദ്യാഭ്യാസവകുപ്പിൽ എന്തെങ്കിലും പ്രത്യേകമായ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ?

വിദ്യാഭ്യാസ വകുപ്പു മന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദുകോയ):

(എ) പരിപാടികൾ താഴെ വിവരിക്കുന്നു.

1. സർവ്വകലാശാലകളുടെയും എൻ. സി.ഇ.ആർ. റ്റി. യുടെയും പ്രതിനിധികളെ ഉൾപ്പെടുത്തി രൂപീകരിച്ചിട്ടുള്ള വർക്കിംഗ് ഗ്രൂപ്പിന്റെ ശുപാർശപ്രകാരം സംസ്ഥാനതലത്തിൽ ഒരു സെമിനാർ നടത്തുന്നതിന് (ഈ മാസം 14-ാം തീയതി) നടപടികൾ എടുത്തിട്ടുണ്ട്.

2. പിന്നോക്ക ജില്ലകൾക്ക് (കണ്ണൂർ, മലപ്പുറം, പാലക്കാട്, ഇടുക്കി) പ്രത്യേക സാമ്പത്തികസഹായം നൽകുന്നതാണ്.

3. സംസ്ഥാനത്തിന്റെ വിവിധഭാഗങ്ങളിലായി വയോജന വിദ്യാഭ്യാസം സംബന്ധിച്ച് സിമ്പോസിയവും കോൺഫറൻസുകളും സംഘടിപ്പിച്ചുവരുന്നു.

4. എല്ലാ വിദ്യാഭ്യാസ ജില്ലകളിലും പരിശീലനക്യാമ്പുകൾ സംഘടിപ്പിച്ചും അവയിൽ സന്നദ്ധ സംഘടനകളുടെ പ്രവർത്തകർ, അദ്ധ്യാപകർ, സാമൂഹ്യസേവകർ, വിദ്യാഭ്യാസ വിദഗ്ദ്ധർ മുതലായവരെ പങ്കെടുപ്പിക്കുന്നതാണ്.

5. ഓരോ ജില്ലയിലും ഒരു മോഡൽ സെൻറർ എങ്കിലും സ്ഥാപിച്ച് നടത്തുന്നതിന് ഉദ്ദേശിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly